# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

എ3-18044/16

തീയതി-08.05.2018

**<u>സർക്കുലർ നമ്പർ- 06/2018-19</u>**

വിഷയം-കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിനു കീഴിലുള്ള വിവിധ ജില്ലാ കമ്മിറ്റി/ ഉപകാര്യാലയങ്ങളിൽ തൊഴിലുടമകളിൽ നിന്നും ഡാമേജസ് ഈടാക്കിയത് ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച്.

സൂചന- 1) 17.02.2017 തീയതിയിലെ സർക്കുലർ നം.41/2016-17

2) 19.08.2017 തീയതിയിലെ സർക്കുലർ നം. 27/2017-18

3) 09.12.2017 തീയതിയിലെ സർക്കുലർ നം.34/2017-18

4) 03.05.2018 തീയതിയിലെ ബോർഡ് നിർദ്ദേശം

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിനു കീഴിലുള്ള വിവിധ ജില്ലാ കമ്മിറ്റി/സബ് ഓഫീസുകളിലെ രജിസ് ട്രേഡ് തൊഴിലുടമകൾ ഡെപ്പോസിറ്റ് അടവു വരുത്തുന്നതിൽ വീഴ്ച വരുത്തുന്ന സാഹചര്യത്തിൽ ഡാമേജസ് ഈടാക്കുന്നതിന് സൂചന സർക്കുലറുകൾ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ തൊഴിലുടമകൾ ഡാമേജസ് ഈടാക്കുന്നതിൽ പരാതികളും/ വിഷമതകളും രേഖാമൂലം അറിയിക്കുകയും ഡാമേജസ് ഇനത്തിൽ പ്രത്യേകം തുക അടവു വരുത്താതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഡെപ്പോസിറ്റ് തുകയിൽ നിന്നും ഡാമേജസ് കിഴിവു വരുത്തുകയും ചെയ്യേണ്ടതായി വന്നു. ഇത് തൊഴിലുടമ കുടിശ്ശിക ക്രമാതീതമായി വർദ്ധിച്ചു വരുന്ന സാഹചര്യം സൃഷ്ടിക്കുന്നതായി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് അനുഭാവപൂർവ്വം പരിഗണിച്ച ബോർഡ് സൂചന (4) നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തൊഴിലുടമകളുടെ ഡാമേജസ് തുകയ്ക്ക് ഇളവ് അനുവദിച്ച് കൊടുക്കുന്നതിനായി താഴെ പറയുന്ന വ്യവസ്ഥകൾ പുറപ്പെടുവിക്കുന്നു.

<u>വ്യവസ്ഥകൾ</u>

1. ഡാമേജസ് ഒഴിവാക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്ന മാസത്തിന് തൊട്ടുമുമ്പുള്ള മാസത്തെ നിലവച്ച് കുടിശ്ശിക ഇല്ലാത്തതോ, ഡാമേജസ് തുക മാത്രം മൈനസ് ആയി നിലനിൽക്കുന്നതോ ആയ തൊഴിലുടമയുടെ അപേക്ഷ മാത്രം സ്വീകരിക്കാവുന്നതാണ്.

2. അപേക്ഷ സമർപ്പിച്ച മാസം ഉൾപ്പെടെ തുടർന്നുള്ള 3 മാസക്കാലം അതാത് മാസം കുടിശ്ശികയില്ലാതെ ശരാശരി മാസ വേതനത്തിന്റെ 25% തുക അഡ്വാൻസ് നിലനിർത്തുന്ന രീതിയിൽ ഡെപ്പോസിറ്റ് ചെയ്യുന്ന തൊഴിലുടമയുടെ ആയത് സംബന്ധിച്ച കണക്കുകളുടെ മാസം തിരിച്ചുള്ള സ്റ്റേറ്റ്മെന്റ് അതാത് ജില്ലാ കമ്മിറ്റിയിൽ സമർപ്പിച്ച് ജില്ലാ കമ്മിറ്റി തീരുമാനത്തിന് വിധേയമായി നിലവിൽ ചുമത്തിയ ഡാമേജസ് പൂർണ്ണമായോ ഭാഗീകമായോ ഒഴിവാക്കി നൽകാവുന്നതാണ്.

3. ഈ ഇളവ് ഒരു തൊഴിലുടമയ്ക്ക് ഒരു പ്രാവശ്യം മാത്രമേ അനുവദിക്കുകയുള്ളൂ. തുടർന്ന് കുടിശ്ശിക വരുത്തുന്ന തൊഴിലുടമകൾക്ക് മുൻ സർക്കുലർ നിർദ്ദേശം അനുസരിച്ച് നോട്ടീസ് നൽകി ഡാമേജസ് ഇനത്തിൽ പ്രത്യേകം തുക ഈടാക്കേണ്ടതാണ്.

4. ഡാമേജസ് ഈടാക്കിയതിന്റെ ഇളവിനായി ജില്ലാ കമ്മിറ്റിയിൽ സമർപ്പിക്കേണ്ട കണക്കുകൾ സംബന്ധിച്ചുള്ള മാതൃക ഇതോടൊപ്പം ചേർത്തിരിക്കുന്നു. ആയത് പ്രസ്തുത മാതൃകയിൽ തയ്യാറാക്കി കമ്മിറ്റിയിൽ സമർപ്പിക്കേണ്ടതാണ്.

5. പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളെ ഖണ്ഡിക 2 ൽ പരാമർശിച്ചിരിക്കുന്ന 25% അഡ്വാൻസ് ഡെപ്പോസിറ്റ് അടവാക്കുന്നതിൽ നിന്നും ആവശ്യമെങ്കിൽ പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കാവുന്നതാണ്.

മേൽ സർക്കുലർ നിർദ്ദേശങ്ങൾ കർശനമായും പാലിക്കുന്നതിന് ചെയർമാൻ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ്

//ഉത്തരവിൻപ്രകാരം//

ജൂനിയർ സൂപ്രണ്ട്

# പ്രൊഫോർമ

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്----------------കാര്യാലയം

1. തൊഴിലുടമയുടെ പേര് :

2. രജിസ്റ്റർ നം. :

3. അപേക്ഷ തീയതി :

4. അപേക്ഷ തീയതിയ്ക്ക് തൊട്ടുമുമ്പുള്ള മാസത്തെ കുടിശ്ശിക :

5. ചോദ്യം 4 പ്രകാരം നിൽക്കുന്ന തുക, ഡാമേജസ് ഇനത്തിൽ ഈടാക്കാനുള്ള തുക മാത്രമാണോ ? : അതെ/അല്ല

6. അപേക്ഷ തീയതി ഉൾപ്പെടെ തുടർന്നുള്ള 3 മാസത്തെ കണക്ക്

| (1) | (2) | (3) | (4) | (5) | (6) | |
|---|---|---|---|---|---|---|
| ക്രമ നം. | മാസം | സമർപ്പിച്ച വർക്ക് കാർഡ് തുക വേജസ് ലെവി ഉൾപ്പെടെ | ടി മാസത്തെ 25% അഡ്വാൻസ് തുക | ടി മാസം അടവ് വരുത്തിയ തുക | കോളം നം.(5)–((3)+(4)) | റിമാർക്സ് |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

7. ചോദ്യം നമ്പർ (5), (6) ഇവ പരിശോധിച്ച് സർക്കുലർ വ്യവസ്ഥ പാലിച്ചിട്ടുണ്ടോ : ഉണ്ട്/ ഇല്ല

8. അപേക്ഷയിൻ പ്രകാരം ഒഴിവാക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്ന ഡാമേജസ് തുക :

മേൽ കണക്കുകൾ ഇളവിനും അന്തിമ തീരുമാനത്തിനുമായി ജില്ലാ കമ്മിറ്റിയുടെ ---------------- തീയതിയിലെ യോഗത്തിൽ സമർപ്പിക്കുന്നു.